**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 644** **09-06-2021 - ൽ മറുപടിയ്ക്ക്**

**മാവുള്ള പൊയിലിൽ വി.സി.ബി. നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ മാവുള്ള പൊയിലിൽ വി.സി.ബി. നിർമ്മിക്കാൻ 2017ൽ എസ്റ്റിമേറ്റ് തയ്യാറാക്കി ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിരുന്നുവെങ്കിലും അതിന് ശേഷം സമർപ്പിച്ച പല പ്രൊപ്പോസലുകൾക്കും ഭരണാനുമതി നൽകിയിട്ടും മേൽപറഞ്ഞ പ്രവൃത്തിക്ക് ഇതുവരെ ഭരണാനുമതി ലഭ്യമായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പയ്യന്നൂർ നിയോജക മണ്ഡലത്തിലെ എരമം-കുറ്റൂർ പഞ്ചായത്തിൽ പെരുമ്പടവ് തോടിന് കുറുകെ മാവുള്ളപ്പോയിൽ എന്ന സ്ഥലത്ത് ഒരു വിസിബിക്കു വേണ്ടി 92.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സാമ്പത്തികാനുമതിക്കായി ജലസേചനവും ഭരണവും, ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ട്. പ്രവർത്തികളുടെ ആവശ്യകതയും അടിയന്തര സ്വഭാവവും പരിഗണിച്ച് ഫണ്ടിന്റെ ലഭ്യത കൂടി കണക്കിലെടുത്ത് ഫീൽഡ് ഉദ്യോഗസ്ഥർ തയ്യാറാക്കി സമർപ്പിക്കുന്ന പ്രവർത്തികൾക്കാണ് ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കാര്യാലയത്തിൽ നിന്നും അനുമതി നൽകുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നത്. ആയത് പ്രകാരം തയ്യാറാക്കിയതിൽ മേൽപ്രവൃത്തി ഉൾപ്പെട്ടിരുന്നില്ല. ആയതിനാൽ ടി പ്രവർത്തിയ്ക്ക് ഇതുവരെ അംഗീകാരം നൽകാൻ കഴിഞ്ഞില്ല. ടി പ്രവർത്തിയുടെ മുകൾ ഭാഗത്തു (ഏകദേശം 3 കി.മീ.) മറ്റൊരു VCB യുടെ പ്രവർത്തി ടെൻഡർ നടപടികൾ പൂർത്തിയാക്കി കരാറുകാരന് സ്ഥലം കൈമാറിയിട്ടുള്ളതാണ്. ടി പ്രവർത്തി നടപ്പിലാക്കുന്നത് സംബന്ധിച്ച് വിശദമായ സ്ഥല പരിശോധന നടത്തി വിശദീകരണം നൽകുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിശദീകരണം കിട്ടുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഈ പ്രവൃത്തിയുടെ പ്രാധാന്യം കണക്കിലെടുത്ത് അടിയന്തരമായി ഭരണാനുമതി നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പയ്യന്നൂർ നിയോജക മണ്ഡലത്തിലെ എരമം-കുറ്റൂർ പഞ്ചായത്തിൽ പെരുമ്പടവ് തോടിന് കുറുകെ മാവുള്ളപ്പോയിൽ എന്ന സ്ഥലത്ത് ഒരു വിസിബിക്കു വേണ്ടി 92.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സാമ്പത്തികാനുമതിക്കായി ജലസേചനവും ഭരണവും, ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ട്. പ്രവർത്തികളുടെ |

| | | | |
|---|---|---|---|
| | | | ആവശ്യകതയും അടിയന്തര സ്വഭാവവും പരിഗണിച്ച് ഫണ്ടിന്റെ ലഭ്യത കൂടി കണക്കിലെടുത്ത് ഫീൽഡ് ഉദ്യോഗസ്ഥർ തയ്യാറാക്കി സമർപ്പിക്കുന്ന പ്രവർത്തികൾക്കാണ് ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കാര്യാലയത്തിൽ നിന്നും അനുമതി നൽകുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നത്. ആയത് പ്രകാരം തയ്യാറാക്കിയതിൽ മേൽപ്രവൃത്തി ഉൾപ്പെട്ടിരുന്നില്ല. ആയതിനാൽ ടി പ്രവർത്തിയ്ക്ക് ഇതുവരെ അംഗീകാരം നൽകാൻ കഴിഞ്ഞില്ല. ടി പ്രവർത്തിയുടെ മുകൾ ഭാഗത്തു (ഏകദേശം 3 കി.മീ.) മറ്റൊരു VCB യുടെ പ്രവർത്തി ടെൻഡർ നടപടികൾ പൂർത്തിയാക്കി കരാറുകാരന് സ്ഥലം കൈമാറിയിട്ടുള്ളതാണ്. ടി പ്രവർത്തി നടപ്പിലാക്കുന്നത് സംബന്ധിച്ച് വിശദമായ സ്ഥല പരിശോധന നടത്തി വിശദീകരണം നൽകുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിശദീകരണം കിട്ടുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ